മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ

70 [527] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഇതുവരെ എത്ര കിലോമീറ്റർ മെയിൻ കനാൽ, സബ് കനാൽ, ഡിസ്ട്രിബ്യൂട്ടറികൾ എന്നിവ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര കിലോമീറ്ററിലൂടെ വെള്ളം ലഭ്യമാക്കുന്നുണ്ട്;

(ഡി) അവശേഷിക്കുന്ന ഭാഗത്തെ പണി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ ആന്റ് ബി) മൂവാറ്റുപുഴ നദീതട പദ്ധതിയുടെ അണക്കെട്ട്, 37.10 കി. മീ. ദൈർഘ്യമുള്ള ഇടതുകര കനാൽ എന്നിവയുടെ പണി പൂർത്തിയായി.

28.337 കി. മീ. ദൈർഘ്യമുള്ള വലതുകര കനാലിന്റെ 25.542 കി. മീ. പണി പൂർത്തീകരിച്ചു. ബാക്കിയുള്ള 2.795 കി. മീ.ന്റെ പണികൾ അവസാന ഘട്ടത്തിലാണ്.

57.154 കി. മീ. ദൈർഘ്യമുള്ള ബ്രാഞ്ച് കനാലുകളുടെ 40.666 കി. മീറ്ററും 240.882 കി. മീ. ദൈർഘ്യമുള്ള ഡിസ്ട്രിബ്യൂട്ടറികളുടെ 130.213 കി. മീറ്ററും പൂർത്തീകരിച്ചു.

(സി) I (i) ഇടതുകര മെയിൻ കനാലിൽ പൂർണ്ണമായി വെള്ളം ലഭ്യമാക്കുന്നുണ്ട്.

(ii) വലതുകര മെയിൻ കനാലിൽ 14.80 കി. മീ. വരെയും വെള്ളം ലഭ്യമാക്കുന്നുണ്ട്.

II. പൂർണ്ണമായി ജലം ലഭ്യമാക്കുന്ന ഡിസ്ട്രിബ്യൂട്ടറികൾ

1. മാരിക 2. തോട്ടക്കര 3. ആരക്കുഴ 4. കുറുക്കുന്നപുരം മേജറും മൈനറും 5. മൂവാറ്റുപുഴ മൈനർ 6. പെരുമ്പല്ലൂർ 7. മണിയങ്കല്ല് 8. കായനാട് 9. അമ്മാനിമറ്റം 10. കക്കാട്

മറ്റുള്ളവ

(i) പെരിങ്ങഴ-1.58 കി. മീ. വരെ

(ii) കൂത്താട്ടുകുളം-3.725 കി. മീ. വരെ

(iii) ഊരവന-1.2 കി. മീ. വരെ

III. പൂർണ്ണമായി ജലം ലഭ്യമാക്കുന്ന ബ്രാഞ്ച് കനാലുകൾ

1. മാറാടി 2. രാമമംഗലം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റുള്ളവ

(i) മുളക്കുളം ബ്രാഞ്ച് കനാൽ-5.65 കി. മീ. വരെ

(ii) ഏറ്റുമാനൂർ ബ്രാഞ്ച് കനാൽ-1.7 കി. മീ. വരെ

(ഡി) 2006-ൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവർത്തനം

71 [528] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിലെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവർത്തനം എന്ന് മുതലാണ് നിർത്തിവച്ചത്;

(ബി) ഈ ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള അന്വേഷണമാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണം ഏത് ഘട്ടം വരെയായി.

(ഡി) എന്നത്തേക്ക് അന്വേഷണം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് പുനരാരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ എന്നിവ ആരോപണ വിധേയമായതിന്മേൽ പ്രാഥമികാന്വേഷണം നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ 20-5-2005-ലെ 10188/എം.പി1/04/ജല വിവ. കത്ത് പ്രകാരം ടി വർക്കിന്റെ ടെണ്ടർ ക്യാൻസൽ ചെയ്യാൻ നിർദ്ദേശം നല്കി.

(ബി, സി, ആന്റ് ഡി) ഇത് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ കണക്കിലെടുത്ത് മാർഗ്ഗം പുനർ നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഭൂമി അക്വയർ ചെയ്ത ശേഷം നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പണിയിലുണ്ടായ ക്രമക്കേടുകൾ

72 [529] ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി നിർത്തിവച്ച് അന്വേഷണം ആരംഭിച്ച കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ അന്വേഷണം പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly